**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4286** **18-03-2025 - ൽ മറുപടിയ്ക്ക്**

**അനുബന്ധമേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാസ്ഥാപനങ്ങൾ ആശ്രയിക്കുന്ന അനുബന്ധമേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിലവിൽ പ്രവർത്തിച്ച് വരുന്ന വ്യവസായ സംരംഭങ്ങൾക്ക് എം.എസ്.എം.ഇ മേഖലയിലെ സംരംഭങ്ങൾക്ക് ബാധകമായ എല്ലാ സഹായങ്ങളും ബാധകമാണ്.<br><br>വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട അനുബന്ധ മേഖലയിലുള്ള സംരംഭകർക്ക് വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന കോമൺ ഫെസിലിറ്റി സെന്ററുകൾ ഉൾപ്പെടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിന് ശേഷമുള്ള അധിക ഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. ഈ രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ അധിക ഭൂമിയിൽ വ്യവസായ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമ്പോൾ അതാത് സ്ഥാപനങ്ങളുടെ അനുബന്ധ വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിക്കാൻ കഴിയുന്നതാണ്. ഈ സംരംഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ അതാത് പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ കഴിയുന്നതാണ്. |
| (ബി) | ഇതിനായി പ്രത്യേകപദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |

| | | | |
|---|---|---|---|
| (സി) | പുത്തൻ അനുബന്ധ വ്യവസായ യൂണിറ്റുകൾക്കുള്ള ധനസഹായത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | എ പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ